# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5249 02.07.2013-ൽ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം.പി. വിൻസെന്റ് | ശ്രീ. കെ. എം. മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |

### 14-ാം ധനകാര്യ കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| (എ)<br>14-ാം ധനകാര്യ കമ്മീഷനു മുമ്പിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അറിയിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;<br>(ബി)<br>ഇതിനായി പ്രത്യേക സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി)<br>ധനകാര്യ കമ്മീഷൻ അനുവർത്തിക്കുന്ന മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ടോ? | കേരളത്തിന്റെ ആവശ്യങ്ങൾ അടങ്ങിയ ഒരു നിവേദനം(മെമ്മോറാണ്ടം) 14-ാം ധനകാര്യ കമ്മീഷനു സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിവേദനം തയ്യാറാക്കുന്നതിന് ബഹു:ധനകാര്യ മന്ത്രി അദ്ധ്യക്ഷനും, ശ്രീ.കെ.എം.ചന്ദ്രശേഖർ (പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ), ശ്രീ.എം.ആർ.ശിവരാമൻ (മുൻ കേന്ദ്ര റവന്യൂ സെക്രട്ടറി), ചീഫ് സെക്രട്ടറി, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് വകുപ്പ്, ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ധനകാര്യ-വിഭവം) എന്നിവർ അംഗങ്ങളുമായ മെമ്മോറാണ്ടം ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിവേദനത്തിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ സംബന്ധിച്ച് കമ്മിറ്റി ചർച്ച ചെയ്തുവരുന്നു. ധനകാര്യ കമ്മീഷൻ അനുവർത്തിക്കുന്ന മാനദണ്ഡങ്ങൾ സംബന്ധിച്ച് സംസ്ഥാനം സ്വീകരിക്കേണ്ടുന്ന സമീപനവും ഈ കമ്മിറ്റി പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ